(സി) ഓരോ വർഷവും കടപ്പത്രം മുഖേന പൊതു വിപണിയിൽനിന്ന് സർക്കാർ എത്ര രൂപ കടമെടുത്തു എന്നും എത്ര രൂപ കടമെടുക്കുന്നതിനാണ് അനുമതിയുള്ളത് എന്നും വ്യക്തമാക്കുമോ ; ഇതിൽ എത്ര രൂപ ഇതിനകം വാങ്ങിയിട്ടുണ്ട് എന്നും അറിയിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ (16-5-2011-ലെ കണക്കുകൾ പ്രകാരം) സംസ്ഥാനത്തിന് 1963.47 കോടി രൂപ ട്രഷറി ബില്ലുകളിൽ നിക്ഷേപ മുണ്ടായിരുന്നു.

(ബി) നിലവിൽ സംസ്ഥാനത്തിന്റെ പൊതുകടം 31-3-2015-വരെ 135440.24 കോടി രൂപയാണ്.

(സി)

ക്രമ നമ്പർ	വർഷം	കടപ്പത്രം മുഖേന സമാഹരിച്ച തുക (തുക കോടിയിൽ)
1	2011-12	8800
2	2012-13	11583
3	2013-14	12800
4	2014-15	13200
5	2015-16 (ഡിസംബർ 24 വരെ)	10450

2011-12 വർഷം മുതൽ 2014-15 വരെ ഓരോ വർഷവും പൊതുവിപണിയിൽ നിന്ന് കടമെടുക്കുന്നതിന് അനുമതി ലഭിച്ച തുക മുഴുവനും വായ്പയെടുത്തിട്ടുണ്ട്.

സർക്കാരിന്റെ കടബാധ്യത

108 (114) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006 മുതൽ 2015 വരെ ഓരോ വർഷവും സർക്കാർ എത്ര തുക വീതം കടമെടുത്തുവെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത വർഷങ്ങളിൽ ഏതെങ്കിലും വർഷം പരിധിയിൽ താഴെ സർക്കാർ കടമെടുത്തിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽവരുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം എത്രയെന്നും സർക്കാർ വന്നതിനുശേഷം എത്ര തുക കടമെടുത്തിട്ടുണ്ട് എന്നും ഇപ്പോൾ ആകെ പൊതു കടം എത്രയെന്നും വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) 2006 മുതൽ 2015 വരെ ഓരോ വർഷവും കടബാദ്ധ്യതയുടെ തിരിച്ചടവിനായി പ്രതിവർഷം എത്ര രൂക വീതം ചെലവഴിക്കുന്നുണ്ടെന്നും ഇതിൽ പലിശ ഇനത്തിലും മുതൽ ഇനത്തിലും എത്ര രൂക വീതമെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2006 മുതൽ 2015 വരെ ഓരോ വർഷവും സർക്കാർ കടമെടുത്ത രൂക (തനി) വർഷം തിരിച്ച് ചുവടെ ചേർക്കുന്നു :

(രൂക കോടിയിൽ)

വർഷം	കടമെടുത്ത രൂക (തനി)
2006-07	3946.14
2007-08	5534.38
2008-09	7860.11
2009-10	7699.75
2010-11	7703.81
2011-12	10744.94
2012-13	14142.66
2013-14	15448.23
2014-15	16431.17

കേന്ദ്ര സർക്കാർ നിശ്ചയിച്ചുനൽകുന്ന വായ്പാ പരിധി (തനി)ക്കുള്ളിൽ നിന്നുകൊണ്ട് മാത്രമേ കടമെടുക്കുവാൻ കഴിയുകയുള്ളൂ.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം 31-3-2011 വരെ 78673.24 കോടി രൂപയായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31-3-2015 വരെ 56767 കോടി രൂപ കടമെടുത്തിട്ടുണ്ട്. 31-3-2015 വരെ ആകെ പൊതുകടം 135440.24 കോടി രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2006 മുതൽ 2015 വരെ ഓരോ വർഷവും കടബാധ്യതയുടെ തിരിച്ചടവിനായി പ്രതിവർഷം ചെലവഴിച്ച തുക (മുതൽ), പലിശ എന്നിവ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു :

(തുക കോടിയിൽ)

വർഷം	മുതൽ തിരിച്ചടവ്	പലിശ തിരിച്ചടവ്	ആകെ തുക
2006-07	15733.25	4189.70	19922.95
2007-08	16517.24	4329.65	20846.89
2008-09	16200.30	4659.69	20859.99
2009-10	12479.45	5292.48	17771.93
2010-11	16170.65	5689.66	21860.31
2011-12	22035.94	6293.60	28329.54
2012-13	22939.37	7204.81	30144.18
2013-14	28485.49	8265.38	36750.87
2014-15	37185.64	9769.59	46955.23

ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ

109 (115) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ബഡ്ജറ്റുകളിൽ ഓരോ വർഷവും പുതുതായി പ്രഖ്യാപിച്ച പദ്ധതികളുടെ എണ്ണവും ഓരോ വർഷവും യഥാർത്ഥത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞ പദ്ധതികളുടെ എണ്ണവും വിശദമാക്കാമോ ;

(ബി) ഓരോ ബഡ്ജറ്റിലും പുതുതായി പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിനു വേണ്ടി അതത് വർഷം ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക എത്ര വീതമായിരുന്നു ; അതിൽ യഥാർത്ഥത്തിൽ പിൻവലിക്കപ്പെട്ട തുക ഓരോ വർഷവും എത്ര വീതമായിരുന്നു; അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകളുംകൂടി പരിഗണിച്ച് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly